കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആതവനാട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: ddlfampm@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ..എം പി എം13 /30192016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

ഇ-മെയിൽ - dompm.ksad@kerala.gov.in

വെബ് -www.lfa.kerala.gov.in

ഫോൺ 0483 2 734951

തീയതി. 18.11.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

ആതവനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : .ആതവനാട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം .ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2. ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3.1, 3.15,3.16,3.17, 3.18, എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

3)കാര്യാലയ പകർപ്പ്

നം കെ എസ് എ..എം പി എം 13/ /16 തിയ്യതി: 13/3019/2016 തീയ്യതി 18.11.2016

മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 31-8-16 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകൾ പെർഫോമൻസ് ഓഡിറ്റ് വിഭാഗം 23-9-16,24-9-16 തീയതികളിൽ പരിശോധിച്ചിട്ടുള്ളതാണ്. റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല. പഞ്ചായത്ത് 08-07-16മുതൽ 07-10-16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ യിൽ പ്രസക്തമായ അപാകതകളൊന്നും റിപ്പോർട്ട് ചെയ്യിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും 09/16 മാസത്തെ വിവിധ അക്കൗണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം. |
|---|---|
| 5 | ഉപയോഗിച്ചിട്ടില്ല( ഇഷ്യൂ ചെയ്യിട്ടുണ്ടെങ്കിലും ജീവനക്കാർ ആയത് ഉപയോഗപ്പെടുത്തിയിട്ടില്ല) |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയുടേ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ ത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം :
സ്ഥാപനം: ആതവനാട് ഗ്രാമ പഞ്ചായത്ത്.

വിസ്തീർണ്ണം: 26.77ച.കീമി

ജനസംഖ്യ : 44,465

വാർഡുകളുടെ എണ്ണം : 22

ആകെ ജീവനക്കാരുടെ എണ്ണം

സ്ഥിരം : 11

താൽക്കാലികം : 03

കരാറടിസ്ഥാനത്തിൽ : 04

ആകെ :18
ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ – ശ്രീ.എ.എസ്.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം – 14.10.2016 മുതൽ 25.10.2016 വരെ

<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി സെൽമത്ത് ടി.പി. | അസി.ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ റിഷിൽ പി | അസി.ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ മുഹമ്മദ് സിയാദ് പി.പി. | സീനി.ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ :

<u>പ്രസിഡണ്ട്</u>

ശ്രീമതി ഹഫ് സ ഇസ്മായിൽ : 1-4-15 മുതൽ31-10-15 വരെ

ഭരണ നിർവ്വഹണ കമ്മിറ്റി : 1-11-15 മുതൽ 11-11-15 വരെ

ശ്രീ മുഹമ്മദ് ഇസ്മായിൽ : 12-11-15 മുതൽ 31-3-16 വരെ

<u>സെക്രട്ടറി</u>

ശ്രീ പി.പ്രേമൻ : 01-04-15 മുതൽ 22-07-15 വരെ

ശ്രീമതിടി.പി.സരസ്വതി : 23-07-15മുതൽ 29-07-15 വരെ

( 30-07-15ന് ആർക്കും ചാർജ് ഇല്ല)

ശ്രീ എം.മൊയ്തീൻ കുട്ടി : 31-07-15മുതൽ 31-03-16വരെ

<u>മറ്റ് നിർവ്വഹണോദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|
| ശ്രീമതി ഹാരിഫ | കൃഷി ഓഫീസർ | 1-4-15 മുതൽ 31-3-16 വരെ |
| ശ്രീമതി ആൻ നിസാ തോമസ് | വെറ്റി. സർജൻ | 1-4-15 മുതൽ 31-3-16 വരെ |
| ശ്രീമതി ഹൈമവതി.എ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 1-4-15 മുതൽ19-8-15 വരെ |
| ശ്രീമതി കാർത്ത്യായനി.കെ.കെ. | | 20-8-15 മുതൽ15-1-16വരെ |
| ശ്രീമതി ഗ്രീഷ്മ.ടി.എം. | | 16-1-16 മുതൽ 7-2-16 വരെ |
| ശ്രീമതി അരുണിമ.ടി.പി. | | 8-2-16 മുതൽ 31-3-16 വരെ |
| ശ്രീ ഹരികുമാർ | വി.ഇ.ഒ. | 1-4-15 മുതൽ 3-3-16 വരെ |
| ശ്രീ സുജിത്.എസ്. | | 4-3-16 മുതൽ 31-3-16വരെ |
| ശ്രീമതി ലൈലാബീഗം | മെഡിക്കൽ ഓഫീസർ(ആരോഗ്യം) | 1-4-15 മുതൽ 31-3-16 വരെ |
| ശ്രീമതി ബീന | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 1-4-15 മുതൽ 1-7-15 വരെ |
| ശ്രീമതി സീമ | | 2-7-15മുതൽ31-3-16വരെ |
| ശ്രീമതി ശ്രീകല.ടി. | ഹെഡ് മിസ്ട്രസ് | 1-4-15 മുതൽ 31-3-16 വരെ |
| ശ്രീമതി ധന്യ ജനാർദ്ദനൻ | അസി.എൻജിനീയർ | 1-4-15 മുതൽ 15-5-15വരെ |
| ശ്രീമതി സ്മിത.വി. | | 16-5-15മുതൽ 31-3-16വരെ |
| ശ്രീമതി ജയശ്രീ.കെ.കെ. | അസി. സെക്രട്ടറി | 1-4-15 മുതൽ 18-8-15 വരെ |

| | | |
|---|---|---|
| ശ്രീമതി അമ്പിളി.കെ. | | 23-8-15 മുതൽ 31-3-16വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1(1) | |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) | |
| 4 | സാമ്പത്തിക വിശകലനം | 1(4) | |
| 5 | ഫണ്ട് വിനിയോഗം | 1(5) | |
| 6 | പദ്ധതി അവലോകനം | 1(6) | |
| 7 | തനത് വരുമാനം | 1(7) | |
| 8 | ക്ഷേമപദ്ധതികൾ | 1(8) | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) | |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | രശീതി വിതരണത്തിലെ അപാകതകൾ | 2(1) | |
| 2 | വ്യാപാരി രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2(2) | |
| 3 | ഡി & ഒ ലൈസൻസ് ഫീ അപാകതകൾ | 2(3) | |
| 4 | തൊഴിൽ നികുതി അപാകതകൾ | 2(4) | |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

വർക്ക് ഷീറ്റ് പ്രകാരമുള്ള പരാമർശങ്ങൾ ഉൾപ്പെടുത്തുക.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | കടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നില്ല. | 3(1) | |

| | | | |
|---|---|---|---|
| | | | |
| 2 | മരുന്നുകൾ യഥാസമയം ലഭ്യമാവുന്നില്ല, ആരോഗ്യ മേഖലയിലെ പദ്ധതികൾ പരാജയപ്പെടുന്നു | 3(2) | |
| 3 | യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന്റെ വിവരം ലഭ്യമല്ല | 3(3) | |
| 4 | മുൻകൂർതുക നൽകി. - പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല. | 3(4) | |
| 5 | ഡെപ്പോസിറ്റ് പ്രവൃത്തികൾ -പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല | 3(5) | |
| 6 | വീട് നിർമ്മാണം പൂർത്തീകരിച്ചില്ല | 3(6) | |
| 7 | അംഗൻവാടികളിലേക്കുള്ള ഭക്ഷ്യ വസ്തുക്കൾ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3(7) | |
| 8 | ന്യൂട്രിമിക്സ് സാമ്പിൾ ലാബ് പരിശോധന നടത്തിയില്ല | 3(8) | |
| 9 | അംഗൻവാടികളിലെ ഭൗതിക സൗകര്യങ്ങൾ പരിമിതം. | 3(9) | |
| 10 | പദ്ധതി മാർഗരേഖ ലംഘിച്ചുള്ള ചെലവ്, 77,000 രൂപ തടസ്സം ചെയ്യുന്നു | 3(10) | |
| 11 | തിരികെ അടച്ച തുകക്ക് പലിശ ഈടാക്കിയില്ല | 3(11) | |
| 12 | മീഡിയാശ്രീ - ഡോക്യുമെന്ററി നാളിതുവരെ പൂർത്തീകരിച്ചില്ല, ചെലവ് തുക തടസ്സം ചെയ്യുന്നു | 3(12) | |
| 13 | സാനിറ്ററി യൂണിറ്റ് നിർമ്മാണം - ശുചിത്വ മിഷൻ വിഹിതം -ചെലവഴിക്കാത്ത തുക തിരിച്ചടച്ചില്ല. | 3(13) | |
| 14 | മുളക്കത്തൊടി SC കോളനി നടപ്പാത നിർമ്മാണം - അധികച്ചെലവ് | 3(14) | |
| 15 | റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി - 1:2:4 -സിമെന്റ് കോൺക്രീറ്റിന് അധിക കനം - അനാവശ്യ ചെലവ് | 3(15) | |
| 16 | കുടിവെള്ള പദ്ധതികളിൽ ജി.ഐ.പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി | 3(16) | |
| 17 | പഞ്ചായത്ത് ഓഫീസ് നവീകരണം - ചെയ്യാത്ത പ്രവൃത്തിക്ക് അനുവദിച്ച തുക നിരാകരിക്കുന്നു | 3(17) | |
| 18 | പറക്കുന്ന്പറമ്പ് കോളനി നടപ്പാത നിർമ്മാണം - അനാവശ്യ | 3(18) | |

| | | | |
|---|---|---|---|
| | ചെലവ് | | |
| 19 | ആശ്രയ പദ്ധതി - ലക്ഷ്യങ്ങൾ നിറവേറ്റപ്പെടുന്നില്ല | 3(19) | |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) | |
| 6 | ഓഡിറ്റ് റിക്കവറി | 4(6) | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) | |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) | |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) | |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | |
|---|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 111/16, 04.03.2016 ( പുതുക്കിയത് ) |
| 1/30-03-15 | - |

### 1-2 .വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 28-7-16 |

### 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 14-10-16മുതൽ25-10-16 വരെ | കെ.എസ്.എ.എം.പി.എം.13/ /16 |

വാർഷികകണക്കിലെ അപാകതകൾ

1. സ്ഥിര നിക്ഷേപങ്ങൾക്ക് പലിശ അക്രൂ ചെയ്തിട്ടില്ല.( FD -500000 (Athavanad Service Co-operative bank)

2. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തിയിട്ടില്ല.

3. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ക്ലോസ്സിംഗ് സ്റ്റോക്കിലെ ഇനങ്ങൾ ഏതൊക്കെയാണെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല.(B14)

4. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിനു മുമ്പ് ആർജ്ജിച്ച സ്ഥാവര ജംഗമ ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. ആസ്തി രജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല.

6. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല.

7. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ് ഫീ രജിസ്റ്റർ, ഡി &ഒ ലൈസൻസ് ഫീ എന്നിവയിൽ സംക്ഷിപ്തം എഴുതിയിട്ടില്ല.

8. വസ്തു നികുതിയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ളതായി പ്രൊവിഷൻ വച്ച തുക ബാലൻസ് ഷീറ്റിലെ കുടിശ്ശികയുമായി പൊരുത്തപ്പെടുന്നില്ല. (1265651-425812 = 839839)

9. മരാമത്ത് പ്രവൃത്തികളിലെ പെർഫോർമെന്റ്സ് ഗ്യാരന്റിയായി (EMD,Security Deposit) ആയി ലഭിക്കുന്ന തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല.

10. 2014-15 വാർഷിക കണക്കുപ്രകാരം ബാലൻസ് ഷീറ്റിൽ (B7) കാണിച്ചിട്ടുള്ള തുകകൾ തന്നെയാണ് ( EMD, Security Deposit) 2015-16 വാർഷിക കണക്കിലും ബാലൻസ് ഷീറ്റിൽ (B7) തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളത്.

11. കുടിശ്ശിക കളക്ഷൻ തുകയും (RP 43) മുൻ വർഷ ബാലൻസ് ഷീറ്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല. (860114 – 406832 = 453282)

12.MNREGS വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് SFC പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം 443 രൂപ.

13. മുൻ ട്രയൽ ബാലൻസിലെ കുടിശ്ശിക തുകകൾ (Clossing Balance) 2015-16 ട്രയൽ ബാലൻസുമായി പൊരുത്തപ്പെടുന്നില്ല. (Head-431100101,431100102,431190101,431190102,431300101,431300102)

14. 2013-14, 2014-15 വർഷത്തെ വാർഷിക കണക്കിൻമേലുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.

| | |
|---|---|
| 2013-14 | LF.M16/1048/96 dt.28.10.14 (Q.Certificate) |
| 2014-15 | KSA.MPM.13/2214/15 dt.9.10.15 (Q.Certificate) |

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി :3,28,57,146

വരവ് :4,40,46,798

ആകെ :7,69,03,944

ചെലവ് :5,92,35,504

നീക്കിബാക്കി :1,76,68,440

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവു തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 29,08,037 | 36,99,191 | 66,07,228 | 66,07,228 | - | - |
| വികസന ഫണ്ട് (എസ്.സി.പി) | 16,26,870 | 18,36,231 | 34,63,101 | 39,08,852 (including TC amount) | 4,45,751 | - |
| വികസന ഫണ്ട് (ടി.എസ്.പി) | - | 2,000 | 2,000 | 2000 | - | - |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 17,98,035 | 62,08,974 | 80,07,009 | 80,07,009 | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 18,20,965 | 19,49,441 | 37,70,406 | 37,70,406 | - | - |
| ധനകാര്യ കമ്മീഷൻ അവാർഡ് | 29,33,270 | 64,27,302 | 93,60,572 | 1,18,37,153 (including TC amount) | 24,76,581 | - |
| ലോക ബാങ്ക് സഹായം | 38,61,484 | 17,83,379 | 56,44,863 | 74,72,707 (including TC amount) | 18,27,844 | - |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 265 | 205 | 17 | 43 | 77 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 8 | 7 | 39,95,915 | 36,09,773 | 86.3 |
| അസി. എൻജിനീയർ | | | | | |
| വി.ഇ. ഒ | 9 | 3 | 41.29,500 | 5,30,000 | 13 |
| ഹെഡ് മാസ്റ്റർ | | | | | |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 5 | 4 | 8,08,699 | 4,73,510 | 59 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 3 | 6,31,100 | 6,31,100 | 100 |
| വെറ്റി. സർജൻ | 2 | 2 | 11,08,000 | 3,85,345 | 35 |
| ICDS Supervisor | 3 | 2 | 33,36,300 | 29,19,230 | 87 |
| അസിസ്റ്റന്റ് | 13 | 9 | 49,18,000 | 24,05,800 | 49 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | | | | | |
| കൃഷി ഓഫീസർ | 6 | 6 | 15,07,000 | 14,56,960 | 97 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 42,46,612 | 53,68,194 | 14,21,582 | 25(+) |
| നികുതിയേതര വരവുകൾ | 5,43,333 | 11,49,675 | 6,06,342 | 53(+) |
| മറ്റ് വരവുകൾ | 1,11,950 | 5,41,575 | 4,29,625 | 79(+) |
| ആകെ | 49,01,895 | 2,78,85,810 | 2.29.83,915 | 82(+) |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെമടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 6 | 6 | - | - |
| 2 | തൊഴിൽ രഹിത വേതനം | - | - | - | - |
| 3 | വിധവാ പെൻഷൻ | 123 | 106 | 17 | - |
| 4 | വികലാംഗ പെൻഷൻ | 28 | 25 | 3 | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | - | - | - | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 231 | 224 | 7 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-10-16ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 4,750 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 23-9-16, 24-9-16 | 2016 ആഗസ്റ്റ് | ലഭിച്ചിട്ടില്ല | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25-07-08 മുതൽ 8-08-08വരെ | 1997-98മുതൽ2007-08 വരെ | 25-09-08 | . |

## 1-11 അനുബന്ധ പത്രികകൾ

1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതി വിതരണത്തിലെ അപാകത

ഔട്ട് ഡോർ കളക്ഷന് വേണ്ടി ക്ലാർക്കമാർക്ക് 2015-16 സാമ്പത്തിക വർഷം ഇഷ്യൂ ചെയ്ത 3 രസീതി ബുക്കുകളിലെ ഒരു രസീതി പോലും ഓഡിറ്റ് തീയതി വരെ (20.10.2016) ഉപയോഗിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ. നം. | രസീതി ബുക്ക് നം. | രസീതി ബുക്ക് ഏറ്റെടുത്ത ക്ലാർക്ക് | നൽകിയ തീയതി |
|---|---|---|---|
| 1 | 55560 | ശ്രീ.ടിജി ജോസ് | 27/07/2016 |
| 2 | 55572 | ശ്രീ.ഉണ്ണികൃഷ്ണൻ കെ. | 27/07/2016 |
| 3 | 55573 | ശ്രീ.ടി.എസ്.ഉദയ കുമാർ | 27/07/2016 |

സാംഖ്യ രസീതി നൽകുന്നതിന് തടസ്സം നേരിടുമ്പോൾ ഉപയോഗിക്കുന്നതിനായി ഓഫീസ് ആവശ്യത്തിനായി ഇഷ്യൂ ചെയ്ത രസീതി പുസ്തകം (ഇന്ററപ്റ്റഡ് രശീതി) ഉണ്ടെന്നിരിക്കെ ഔട്ട് ഡോർ കളക്ഷന് പോവാത്ത സമയങ്ങളിൽ പിരിവുദ്യോഗസ്ഥർക്ക് രസീതി ബുക്കുകൾ അനുവദിക്കുന്നത് ശരിയായ നടപടി അല്ല. ഒരു രസീതി പോലും ഉപയോഗിക്കാത്ത രസീതി ബുക്കുകൾ ഇഷ്യൂ റദ്ദ് ചെയ്ത് തിരികെ സ്റ്റോക്കിലെടുക്കേണ്ടതും ആവശ്യമാകുന്ന മുറക്ക് മാത്രം ഇഷ്യൂ ചെയ്യാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-2 വ്യാപാരി റജിസ്റ്റർ സൂക്ഷിക്കുന്നില്ല

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയതുമായും ഫീസ് ഈടാക്കിയതുമായും ബന്ധപ്പെട്ട വിവരങ്ങൾ ഓഡിറ്റിൽ പരിശോധിക്കാൻ സാധ്യമല്ല.. ഇക്കാര്യത്തിൽ യുക്തമായ നടപടി സ്വീകരിച്ച് ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 2-3 ഡി & ഒ. ലൈസൻസ് ഫീ അപാകതകൾ

1.താഴെ കാണുന്ന വ്യക്തികളിൽ നിന്നും ഡി&ഒ ലൈസൻസ് കുറവായാണ് ഈടാക്കിയത്.

| ക്രമ നം. | പേര് വാർഡ് കെട്ടിടം | എച്ച്.പി | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| 1 | ശ്രീ.എ.പി.യൂസുഫ് ഹാജി;8/670 | 140 | 2000 | 1000 | 1000 |
| 2 | ശ്രീ.എം.കെ സലിം;8/589എ. | 1234 | 12340 | 6115 | 6225 |
| 3 | ശ്രീ.മുഹമ്മദ് സാബിർ 13/40എ. | 40 | 500 | 200 | 300 |
| 4 | ശ്രീ.മുഹമ്മദ് ബഷീർ 8/145എ | 35 | 400 | 200 | 200 |

| | | | | | |
|---|---|---|---|---|---|
| 5 | ശ്രീ.മുഹമ്മദ് ടി.കെ 3/455 | 70 | 1000 | 200 | 800 |
| 6 | ശ്രീ.മുഹമ്മദ് വെട്ടൻ 14/2 | 35 | 400 | 200 | 200 |
| | ആകെ | | | | 8775 |

2.ശ്രീ. ഇബ്രാഹിം ഹാജി പി. S.O സൈതാലിക്കുട്ടി പിലാത്തേത്ത് ശ്രീ. കട്ടു S.O സൈതാലു ചക്കാലിപമ്പിൽ എന്നിവർ ക്വാറി നടത്തുന്നുണ്ടെങ്കിലും 1000 രൂപ വീതം ഈടാക്കിയതല്ലാതെ ക്രഷറിന്റെ എച്ച്.പി അടിസ്ഥാനത്തിലുള്ള ഫീ ഈടാക്കിയിട്ടില്ല.

നഷ്ട തുകകൾ ഈടാക്കി ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്

## 2-4 തൊഴിൽ നികുതി അപാകതകൾ

1. ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി രണ്ടാം അർധ വർഷ റിട്ടേൺ ഫയലിൽ ലഭ്യമല്ല. ഡിമാന്റ് റജിസ്റ്റർ പ്രകാരം ആദ്യ പകുതിയിൽ 17 ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയെങ്കിലും രണ്ടാം പകുതിയിൽ 8 പേരിൽ നിന്നും ഈടാക്കിയതായേ കാണുന്നുള്ളൂ.. വ്യത്യാസത്തിനു കാരണം വ്യക്തമാക്കേണ്ടതാണ്.
2. സ്ഥലം മാറിപ്പോയതോ വിരമിച്ചതോ ആയതുമായി ബന്ധപ്പെട്ട വിവരങ്ങൾ റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3.പഞ്ചായത്തിനു കീഴിലെ വിവിധ റേഷൻ കടകൾ,മാവേലി സ്റ്റോർ, കെ.എസ്.ഇ.ബി കാര്യാലയം എന്നിവയിൽ നിന്നും തൊഴിൽ നികുതി (സ്ഥാപന വിഹിതം) ഈടാക്കിയിട്ടില്ല.

4.പഞ്ചായത്തിനു കീഴിലെ വിവിധ വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് കാലികമായി തയാറാക്കാനോ സ്ഥാപനങ്ങളുടെ ടേൺ ഓവറിനു ആനുപാതികമായ തൊഴിൽ നികുതി സ്ഥാപന വിഹിതം ഈടാക്കാനോ നടപടി സ്വീകരിച്ചിട്ടില്ല.

അപാകതൾ പരിഹരിക്കേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നില്ല.

2015-16 സാമ്പത്തിക വർഷത്തിൽ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് ഇനത്തിൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 2,62,016 രൂപ ചെലവഴിച്ചിട്ടുണ്ട്( കാടാമ്പുഴ സെക്ഷൻ : 42,258 രൂപ, പുത്തനത്താണി സെക്ഷൻ:2,19,758 രൂപ).കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ സംബന്ധിച്ച് 30-05-2009ൽ സ.ഉ(സാ)നം.1275/09/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ഗുണഭോക്തൃ ഗ്രൂപ്പുകളുടെ സഹായത്തോടെ ത.സ്വ.ഭ.വ.സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, മെയ്ന്റനൻസ് ചെലവുകൾ എന്നിവ ഗുണഭോക്തൃ കമ്മറ്റികൾ തന്നെവഹിക്കേണ്ടതാണെന്ന് ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കമ്മറ്റികൾ അതിന് തയ്യാറാവുന്നില്ലെങ്കിൽ ത.സ്വ.ഭ.വ.സ്ഥാപനങ്ങൾക്ക് ടി പദ്ധതികൾ ഏറ്റെടുത്ത് ഇത്തരത്തിലുള്ള ചെലവുകൾ വഹിക്കാമെന്നും എന്നാൽ അത്തരം സന്ദർഭങ്ങളിൽ പ്രസ്തുത ഗുണഭോക്താക്കളിൽ നിന്ന് വാട്ടർ ചാർജ് ഈടാക്കണമെന്നും വ്യവസ്ഥയുണ്ട്. എന്നാൽ നാളിതുവരെ അപ്രകാരം യാതൊരു തുകയും പഞ്ചായത്ത് ടി ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയിട്ടില്ല.

കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 2011-12 വർഷം മുതൽ 2015-16 വർഷം വരെ തനത് ഫണ്ടിൽ നിന്നും ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| വർഷം | തുക | റിമാർക്സ് |
|---|---|---|
| 2011-12,2012-13 | 3,04,215 | 2011-12, 2012-13 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖ.(3-9 ) കാണുക |
| 2013-14, 2014-15 | 5,59,483 | 2013-14, 2014-15 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖ. 3(10) കാണുക |
| 2015-16 | 2,62,016 | - |

| | | |
|---|---|---|
| ആകെ | 11,25,744 രൂപ | |

ടി പദ്ധതികളുടെ വൈദ്യുതി ചാർജ് അടവാക്കുന്ന ചുമതല ബന്ധപ്പെട്ട ഗുണഭോക്തൃ സമിതികളെ ഏല്പിക്കാൻ7-3-12, 28-5-12എന്നീ തീയതികളിലെ യോഗങ്ങളിൽ പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിരുന്നുവെങ്കിലും(തീരുമാനം നമ്പർ: 3,6(1)) ടി തീരുമാനം നടപ്പിലാക്കിയിട്ടില്ല.

ഗുണഭോക്താക്കളുടെ സഹായത്തോടെ നടപ്പാക്കാനും പരിപാലിക്കാനും വിഭാവനം ചെയ്തുകൊണ്ട് നടപ്പിൽ വരുത്തുന്ന കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് അടവാക്കൽ പോലെയുള്ള നടത്തിപ്പ്/മെയിന്റനൻസ് ചെലവുകൾ പഞ്ചായത്ത് തന്നെ വഹിക്കേണ്ടി വരുന്നത് പ്രസ്തുത പദ്ധതികളുടെ ഉദ്ദേശ്യത്തിന് വിരുദ്ധമാണ്. പദ്ധതികളുടെ പൂർത്തീകരണത്തിന് ശേഷം അവ ഗുണഭോക്താക്കളുടെ തെരഞ്ഞെടുത്ത കമ്മറ്റിയെ എല്പിക്കണം എന്ന സർക്കാർ നിർദ്ദേശം പഞ്ചായത്ത് പാലിച്ചിട്ടില്ല. ആയതിനാൽ തന്നെ വർഷം തോറും വൈദ്യുതി ചാർജ് ഇനത്തിൽ വൻ തുകകളാണ് പഞ്ചായത്തിന് തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടി വരുന്നത്. അതിലൂടെ മറ്റു തരത്തിൽ ജനോപകാരപ്രദമായ നിരവധി പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്ന തുകയാണ് നിർബന്ധപൂർവ്വം മേൽ പരാമർശിച്ച പ്രകാരമുള്ള ചെലവിലേക്ക് മാറ്റി വെക്കേണ്ടതായി വരുന്നത്. ഇത് ദീർഘകാലാടിസ്ഥാനത്തിൽ യുക്തിപൂർവ്വമായ ഫണ്ട് വിനിയോഗത്തെ പുറകോട്ട് തള്ളാൻ കാരണമാവുന്നുണ്ട്.

2011-12 മുതൽ 2014-15വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇത്തരം ചെലവിനെക്കുറിച്ച് പരാമർശിച്ചിരുന്നു എങ്കിലും തുടർന്നുള്ള വർഷത്തിലും ഇത്തരത്തിലുള്ള ചെലവ് തുടർന്നതിലൂടെ തനത് ഫണ്ടിന്റെ ഇപ്രകാരമുള്ള ശോഷണം പഞ്ചായത്ത് അധികാരികളും ഗൗരവത്തോടെ കാണുന്നില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

തനത് ഫണ്ടിന്റെ ക്രിയാത്മകമായ ഉപയോഗത്തിനും മേൽ പരാമർശിച്ച പ്രകാരമുള്ള ഒഴിവാക്കാവുന്ന ചെലവുകൾ ഒഴിവാക്കുന്നതിനുമായി ഗുണഭോക്തൃ സമിതികളിൽ ബോധവത്കരണം നടത്തേണ്ടതും അവർ ചെലവ് വഹിക്കാൻ തയ്യാറാകുന്നില്ല എങ്കിൽ ടി പദ്ധതികൾ പഞ്ചായത്ത് ഏറ്റെടുത്ത് പ്രസ്തുത ഗുണഭോക്താക്കളിൽ നിന്നും വാട്ടർ ചാർജ് ഈടാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതി അടിയന്തിര പ്രാധാന്യം നൽകേണ്ടതുമാണ്.

## 3-2 മരുന്നുകൾ യഥാസമയം ലഭ്യമാവുന്നില്ല, ആരോഗ്യ മേഖലയിലെ പദ്ധതികൾ പരാജയപ്പെടുന്നു

പ്രൊജക്ട് : നിത്യ രോഗി - മാനസിക രോഗി മരുന്ന്

പ്രൊജക്ട് നമ്പർ : S0018/16

നിർവ്വഹണ ഉദ്യോഗസ്ഥൻ :മെഡിക്കൽ ഓഫീസർ (അലോപ്പതി)

2015-16 വർഷത്തിൽ നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിനായി പ്ളാൻ ഫണ്ടിൽ നിന്നും 2,00,000രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്നമെഡിക്കൽ ഓഫീസർ (അലോപ്പതി) കാരുണ്യ ഫാർമസിക്ക് നൽകിയിട്ടുണ്ട്(Try Bill No.9/15-16, തീയതി: 26-03-16, DD No.730070,തീയതി:7-04-16). ആയതിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള അപാകതകൾ കാണുന്നു.

1) ടി തുക സ്ഥാപനം കൈപ്പറ്റിയതിന്റെ രശീതി ഫയലിൽ ഇല്ല

2) മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല

കാരുണ്യ ഫാർമസി സർക്കാർ ഉടമസ്ഥതയിലുള്ള ഒരു സ്ഥാപനമാണ്. കൂടാതെ അവിടെനിന്നും മരുന്നുകൾ വാങ്ങാൻ ത.സ്വ.ഭ.വ.സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതിയും നൽകിയിട്ടുള്ളതാണ്. എന്നാൽ മരുന്നുകൾ യഥാസമയം ലഭ്യമാവാത്തത് ടി സർക്കാർ സംവിധാനത്തിന്റെ പോരായ്മയെയാണ് കാണിക്കുന്നത്. രോഗികൾക്ക് യഥാസമയം മരുന്നുകൾ ലഭിക്കാത്തത് പദ്ധതിയുടെ വിജയത്തെ സാരമായി ബാധിക്കുന്നു. ആയതിനാൽ ഇപ്രകാരം മരുന്നുകൾ ലഭ്യമാവാത്തത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ ഗൗരവത്തോടെ നിരീക്ഷിക്കുകയും അവ ലഭ്യമാവുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ, ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതി കൂടി താല്പര്യമെടുത്ത് ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരം കാണുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്ന വിവരം ലഭ്യമല്ല

2015-16 വർഷത്തെ പഞ്ചായത്ത് ഭരണ സമിതി യോഗങ്ങളുടെ മിനട്സ് പരിശോധിച്ചതിൽ ടി വർഷത്തിൽ വിവിധ തീയതികളിൽ ഭരണസമിതി എടുത്ത ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല

| യോഗ തീയതി | തീരുമാനം നമ്പർ | തീരുമാനം |
|---|---|---|
| 3-12-15 | 2(11) | പഞ്ചായത്ത് തല ജാഗ്രതാ സമിതി രൂപീകരിക്കും |

| | | |
|---|---|---|
| 29-12-15 | 5 | 22 വാർഡുകളിലും10-1-16നകം അയൽ സഭകൾ രൂപീകരിക്കും |
| 29-12-15 | 6 | തണ്ണീർത്തട കമ്മറ്റികൾ ഒരു മാസത്തിനകം പുന:സംഘടിപ്പിക്കും |
| 29-12-15 | 14(5) | ഓരോ വാർഡിലെയും തെരുവ് വിളക്കുകൾ സംബന്ധിച്ച വിവരം ബന്ധപ്പെട്ട മെമ്പർമാർ പഞ്ചായത്ത് പ്രസിഡണ്ടിനെ അറിയിക്കണം. അതിന് ശേഷം KSEBയുമായി ചേര്ന്ന് സംയുക്ത പരിശോധന നടത്തണം |
| 20-1-16 | 4 | 10-2-16നകം 22വാർഡുകളിലും ഗ്രാമ കേന്ദ്രങ്ങൾ സ്ഥാപിക്കണം |
| 20-1-16 | 5 | 10-2-16നകം ഓരോ വാർഡുകളിലും 25 അംഗങ്ങൾ അടങ്ങുന്ന വാർഡ് വികസന സമിതി രൂപീകരിക്കണം |
| 20-1-16 | 8 | പൗരാവകാശ രേഖ പുതുക്കി പ്രസിദ്ധീകരിക്കും |
| 20-1-16 | 9 | എല്ലാ മെമ്പർമാരുടെയും സ്വത്ത് സംബന്ധിച്ച വിവരം DDPക്ക് നൽകണം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നമ്പർ/തീയതി: 13/21-10-16) മറുപടി ലഭ്യമായിട്ടില്ല.

മേൽ പരാമർശിച്ചപ്രകാരമുള്ള തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-4 മുൻകൂർ തുക നൽകി, പൂർത്തീകരണ സാക്ഷ്യ പത്രം ഇല്ല.

ചുവടെ കൊടുത്തിരിക്കുന്ന പ്രകാരമുള്ള ചെലവുകളുടെ പൂർത്തീകരണ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ് (നിർവ്വഹണം : ഗ്രാ.പ.സെക്രട്ടറി)

| ക്രമ നം. | തുക | ചെക്ക് നമ്പർ/തീയതി | വൗച്ചർ നമ്പർ /തീയതി | ചെലവ് ഇനം |
|---|---|---|---|---|
| 1 | 10,000 രൂപ | 009486/29-9-15 | 21500396/29-9-15 | പെർഫോർമൻസ് യൂണിറ്റുകളുടെപ്രവർത്തന ത്തിനായി ഗ്രാ.പ. നൽകുന്ന വിഹിതം |
| 2 | 19,421രൂപ | Try.Chelan No/Dt:160 /29-3-16 | 21500220/22-7-15 | കണ്ടുങ്ങൽ തോട് - മസ്ജിദ് റോഡ് നിർമ്മാണ പ്രവൃത്തിക്ക്തടസ്സമായി നിൽക്കുന്ന ഇല.പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (കെ.എസ്.ഇ.ബി ക്ക് നൽകിയത്) |

| | | | | |
|---|---|---|---|---|
| 3 | 9,40,000 രൂപ | ലഭ്യമല്ല | 21500814/21-3-16 | IAY അധിക വിഹിതം(ജനറൽ) |
| 4 | 1,00,000 രൂപ | ലഭ്യമല്ല | 21500815/21-3-16 | കിഡ്നി ഫൗണ്ടേഷന് വിഹിതം |
| 5 | 2,20,000രൂപ | Try.Bill No/Dt:3 /15-16, 12-2-16 | | IAY അധിക വിഹിതം(SC) (നിർവ്വഹണം : അസി.സെക്രട്ടറി) |
| | ആകെ=12,89,421 രൂപ | | | |

ചെലവ് തുക, 12,89,421 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

ക്രമ നമ്പർ (2) പ്രകാരമുള്ള തുക, 19,421 രൂപ 22-7-15 ന് പിൻവലിച്ചിട്ടുണ്ടെങ്കിലും 8 മാസങ്ങൾക്ക് ശേഷം 29-3-16 നാണ് ട്രഷറിയിൽ അടവാക്കുന്നത്. ഇപ്രകാരം മുൻകൂറായി തുക പിൻവലിച്ച് മാസങ്ങളോളം കൈവശം വെച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-5 ഡെപ്പോസിറ്റ് വർക്ക്- വിനിയോഗ സാക്ഷ്യപത്രം ഇല്ല.

താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 38525 രൂപ തടസ്സം ചെയ്യുന്നു.

| ക്രമ നം | വൗച്ചർ | പ്രവൃത്തി | തുക |
|---|---|---|---|
| 1 | 21400428/23.12.14 | പഞ്ചായത്ത് ഓഫീസ് സർവീസ് ലൈൻ മാറ്റി വക്കൽ | 11180 |
| 2 | 21400856/10.3.15 | ചുങ്കം-ചിറക്കൽ റോഡ് വീതി കൂട്ടുന്നത് പോസ്റ്റ് മാറ്റൽ | 12037 |
| 3 | 21400857/10.3.15 | പാറക്കുളം ഭാഗത്ത് ലൈൻ മാറ്റി വക്കൽ | 15308 |
| ആകെ | | | 38525 |

## 3-6 വീട്ടുനിർമ്മാണം പൂർത്തീകരിച്ചില്ല

വി.ഇ.ഒ നിർവഹണം നടത്തിയ താഴെ പറയുന്ന ഭവന നിർമ്മാണ പദ്ധതികൾ മുഖേന വീട്ടുനിർമ്മാണത്തിന് ഏതാനും ഗഡു ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെയും വീട്ടുപണി പൂർത്തീകരിച്ചിട്ടില്ല.

1) ഭവന പദ്ധതി - ജനറൽ

പ്രോജക്ട് നം. S 0030/16

പരമാവധി ധനസഹായം : 1,00,000 രൂപ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | തീയ്യതി |
|---|---|---|---|
| 1 | കുഞ്ഞീമ താണിക്കാട്ടിൽ | 10,000<br>30,000<br>30,000 | 17.3.15<br>17.3.15<br>20.4.15 |
| 2 | റുഖിയ കോട്ടക്കൽ ഹൗസ് | 10,000<br>30,000<br>30,000 | 11.3.15<br>11.3.15<br>20.4.15 |

| | | | |
|---|---|---|---|
| | | 20,000 | 26.11.15 |
| 3 | മൈമുന<br>ഏറാത്ത് പറമ്പിൽ | 10,000<br>30,000<br>30,000<br>20,000 | 20.4.15<br>20.4.15<br>14.9.15<br>14.9.15 |
| 4 | റാസിത<br>പട്ടത്ത് | 10,000<br>30,000<br>30,000<br>20,000 | 14.9.15<br>14.9.15<br>26.11.15<br>2.3.16 |

പദ്ധതി പ്രകാരമുള്ള 13 ഗുണഭോക്താക്കളിൽ 9 പേർ വീട്ട പണി പൂർത്തിയാക്കിയിട്ടുണ്ട്. 4 ഗുണഭോക്താക്കൾ വീട്ട പണി പൂർത്തിയാക്കിയിട്ടില്ല. ടി ഗുണഭോക്താക്കൾക്ക് വീടുപണി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകേണ്ടതും വീടുപണി പൂർത്തീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-7 അംഗനവാടികളിലേക്കുള്ള ഭക്ഷ്യ വസ്തുക്കൾ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

നം. 62393/ഡി.ബി.2/2010/ത.സ്വ.ഭ.വ തി.13.11.2010സർക്കുലർ പ്രകാരം അംഗനവാടികളിലേക്കു ആവശ്യമായ ഭക്ഷ്യ വസ്തുക്കളും ഭക്ഷ്യ ഉത്പന്നങ്ങളും മാവേലി സ്റ്റോർ, നീതി സ്റ്റോർ, സഹകരണ സംഘങ്ങൾ, പൊതു വിതരണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും മാവേലി സ്റ്റോറിലെ വിലയിൽ അധികരിക്കാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാവുന്നതാണ് എന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ആതവനാട് ഗ്രാമ പഞ്ചായത്തിൽ അംഗനവാടികളിലേക്കു ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ (Broken wheat, Green gram, Jaggery,Ground nut, Coconut Oil, Avil, Ragi etc) വാങ്ങുന്നത് നീതി സ്റ്റോറിൽ നിന്നാണ്. എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള വില നില വാര പട്ടികയുടെ അടിസ്ഥാനത്തിലല്ല ഭക്ഷ്യ വസ്തുക്കൾ നീതി സ്റ്റോറിൽ വാങ്ങികൊണ്ടിരിക്കുന്നത്. 2013-14, 2014-15, 2015-16 വർഷങ്ങളിലായി ഏകദേശം 54,06,313 രൂപയുടെ ഭക്ഷ്യ വസ്തുക്കൾ നീതി സ്റ്റോറിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 7 ാം വാർഡിൽ (വെട്ടിച്ചിറ) മാവേലി സ്റ്റോർ ഉണ്ടെന്നിരിക്കെ അവിടുന്ന് കുറഞ്ഞ വിലയിൽ ഭക്ഷ്യ വസ്തുക്കൾ ലഭ്യമാക്കുന്നതിന് പകരം വില നില വാര പട്ടികയുടെ അടിസ്ഥാനത്തില്ലല്ലാതെ ഭക്ഷ്യ വസ്തുക്കൾ നീതി സ്റ്റോറിൽ വാങ്ങികൊണ്ടിരിക്കുന്നത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. അതുകൊണ്ടു തന്നെ അംഗനവാടികളിലേക്കു ആവശ്യമായ ഭക്ഷ്യ വസ്തുക്കളും ഭക്ഷ്യ ഉത്പന്നങ്ങളും മാവേലി സ്റ്റോറിൽ നിന്നും കുറഞ്ഞ വിലക്ക് ലഭ്യമാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം വില നില വാര പട്ടികയുടെ അടിസ്ഥാനത്തിൽ മാവേലി സ്റ്റോറിലെ വിലയിൽ അധികരിക്കാതെ ഭക്ഷ്യ വസ്തുക്കൾ നീതി സ്റ്റോറിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. രണ്ട് സ്ഥാപനങ്ങളുടെയും വില നില വാര പട്ടിക ചെലവ് രേഖകൾക്കൊപ്പം സൂക്ഷിക്കേണ്ടതുമാണ്. ഇതിൻമേൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 ന്യൂട്രിമിക്സ് സാമ്പിളുകൾ ലാബ് പരിശോധന നടത്തിയിട്ടില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ട് നം. S 0001/16- അംഗൻവാടി പോഷകാഹാര പദ്ധതിയുടെ ഭാഗമായി 6 മാസം മുതൽ 3 വയസു വരെ പ്രായമുള്ള കുട്ടികൾക്ക് ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം വിതരണം ചെയ്തിട്ടുണ്ട്. ആലങ്കോട് കുടുംബശ്രീയുടെ ജനകീയം ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ /തിയതി | തൂക്കം (കി.ഗ്രാം) | വില (ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ) |
|---|---|---|
| 202/2.2.15 | 1733.500 | 97942 |
| 233/22.4.15 | 1587 | 89665 |
| 235/23.515 | 1505 | 85032 |
| 236/25.6.15 | 1536 | 86784 |
| 240/3.8.15 | 1473.500 | 83252 |
| 242/12.10.15 | 1474.500 | 83309 |
| 248/11.11.15 | 1590 | 89835 |
| 56 / 8.1.16 | 1609 | 90908 |

| | | |
|---|---|---|
| 60 / 5.2.16 | 1615 | 91275 |
| 64 / 8.3.16 | 1653 | 93394 |
| ആകെ | 15776.500 കി.ഗ്രാം | 891396 രൂപ |

-ന്യൂട്രിമിക്സ് സാമ്പിളുകൾ രണ്ട് മാസത്തിലൊരിക്കൽ വീതം ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കാനും സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 05.06.10 ലെ ഐ.സി.ഡി.എസ് ബി 3-312/2010 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം പരിശോധനകൾ 2015-16 വർഷത്തിൽ നടത്തിയിട്ടില്ല. ഭക്ഷ്യമിശ്രിതത്തിന്റെ ഗുണമേൻമ വിലയിരുത്താതെ വിതരണം ചെയ്തത് ഓഡിറ്റ് ഗൗരവത്തോടെ കാണുന്നു. 2.5.16 ന് മാത്രമാണ് സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് Pay and accounts officer, MInistry of Woman and Child Development, Chennai-യ്ക്ക് അയച്ചു കൊടുത്തിട്ടുള്ളത്. 6 മാസം കഴിഞ്ഞിട്ടും അതിൻമേലുള്ള റിസൽട്ട് സ്ഥാപനം അയച്ചുകൊടുക്കുകയോ ICDS സൂപ്പർവൈസർ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കേണ്ടതും യഥാസമയങ്ങളിൽ ഫുഡ് ടെസ്റ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-9 അംഗൻവാടികളിലെ ഭൗതിക സൗകര്യങ്ങൾ പരിമിതപ്പെടുത്തണം

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പരിഷ്കരിച്ച മാർഗരേഖയായ ജി.ഒ.(എം.എസ്) 362/13/തസ്വഭവ തിയതി : 16.11.13 നമ്പർ ഉത്തരവിലെ അനുബന്ധം 1, ഖണ്ഡിക 9 ൽ അംഗൻവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം,ഫർണീച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് പ്രാധാന്യം നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ അംഗൻവാടികളിൽ ഇപ്പോഴും ഭൗതിക സൗകര്യങ്ങൾ വളരെ അപര്യാപ്തമാണ്.

ആകെ 39 അംഗൻവാടികളാണ് ഗ്രാമ പഞ്ചായത്തിലുള്ളത്. ഇതിൽ സ്വന്തം കെട്ടിടമുള്ളത് 28 എണ്ണത്തിനു മാത്രമാണ്. ബാക്കി 11 എണ്ണവും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തം കെട്ടിടമുള്ള 28 എണ്ണത്തിൽ വൈദ്യുതി കണക്ഷനുള്ളത് 2 എണ്ണത്തിൽ മാത്രമാണ്. കക്കൂസ് ഉള്ളത് 26 അംഗൻവാടികളിലാണ്. സ്വന്തമായി കുടിവെള്ള സൗകര്യം ഉള്ളത് 7 അംഗൻവാടികളിൽ മാത്രമാണ്. ഇതിൽ കിണർ ഉള്ളത് 1 , പൈപ്പ് ലൈൻ 4, കുഴൽ കിണർ 2 എന്നിങ്ങനെയാണ്. ബാക്കിയുള്ളവ സമീപത്തുള്ള ജലസ്രോതസ്സുകളെ ആശ്രയിക്കുകയാണ്. 2016-17 സാമ്പത്തിക വർഷത്തിൽ ഒരു അംഗനവാടി കെട്ടിടത്തിന് പ്രൊജക്റ്റ് വച്ചിട്ടുണ്ട്.

എല്ലാ അംഗൻവാടികളിലും കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-10 പദ്ധതിമാർഗ്ഗരേഖ ലംഘിച്ച ചെലവ്: 77000 രൂപ തടസം ചെയ്യുന്നു

പദ്ധതി :സമഗ്ര വിദ്യാഭ്യാസ പരിപാടി(എസ്.ഒ.256/2016)

തുക: 147990 ട്രഷറി ബിൽ നം. 4111909 തി. 17.3.2016

പന്ത്രണ്ടാം പദ്ധതിമാർഗ്ഗരേഖ ഉത്തരവ് (ജി.ഒ.എം.എസ്.362/2013തിയതി16.11.2013) അനുബന്ധം-1 ഖണ്ഡിക 6(iv) പ്രകാരം ഉദ്പാദനപരമല്ലാത്ത മേളകൾ ഉല്ലാസ യാത്രകൾ തുടങ്ങിയവ പഞ്ചായത്ത് ഏറ്റെടുക്കാൻ പാടില്ലാത്തതാണ്. കൂടാതെ അധ്യാപക പരിശീലനങ്ങൾ, അധ്യാപകർക്കും വിദ്യാർഥികൾക്കും വിതരണം ചെയ്യാനുള്ള പുസ്തകങ്ങൾ, അച്ചടി, മറ്റു പഠനസാമഗ്രികൾ തയാറാക്കൽ എന്നിവ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ നടന്നു വരുന്നതിനാൽ ഇത്തരം ഇനങ്ങൾ ഏറ്റെടുക്കുന്നതിനു മുമ്പ് സർക്കാർ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

അതു പോലെ പഠനത്തിൽ പിന്നോക്കക്കാരായ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുമ്പോൾ ഹോണറേറിയമോ, വേതനമോ കൂടാതെ സന്നദ്ധ മനോഭാവത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ളവരെ ഉൾപ്പെടുത്തി ചെയ്യണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.വിദ്യഭ്യാസ വകുപ്പ് തയ്യാറാക്കുന്ന പാഠ്യവിഷയങ്ങൾ വിദ്യാർത്ഥികൾക്ക് പറഞ്ഞ് കൊടുക്കേണ്ടതും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പ്രത്യേക ശ്രദ്ധ നൽകി ഉയർത്തി കൊണ്ട് വരേണ്ടതും ആ വകുപ്പിൽ നിയമിതരായ അദ്ധ്യാപകരുടെ ചുമതലയാണ്.

എന്നാൽ ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ "സമഗ്ര വിദ്യാഭ്യാസ പരിപാടി" എന്ന പദ്ധതിയിൽ വിദ്യാർഥികൾക്കായി പഠന നിലവാരം ഉയർത്താൻ 20000 രൂപയും(പ്രിന്റഡ് സ്റ്റഡി മെറ്റീരിയൽ വിതരണം), പഠന യാത്രക്കായി എൽ.പി. വിഭാഗത്തിനു 15000 രൂപയും,യു.പി വിഭാഗത്തിനു 30000 രൂപയും ചെലവഴിച്ചിട്ടുണ്ട്.കൂടാതെ അധ്യാപകർക്ക് മോട്ടിവേഷൻ ക്ലാസിനും റിഫ്രഷ്മെന്റ് ചാർജിനും ആയി 12000രൂപയും ചെലവായിക്കിയിട്ടുണ്ട്.

ഇത്തരത്തിൽ മാർഗരേഖയിൽ പരാമർശിക്കാത്ത ഇനങ്ങൾക്ക് മുൻകൂർ അനുമതി വാങ്ങാതെ 77000 രൂപ ചെലവഴിച്ചതിനു ആധാരമായ അനുമതി രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവു തുക തടസം ചെയ്യുന്നു.

## 3-11 കരാറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഭവന നിർമ്മാണം - തുക തിരികെ അടച്ചത് -പലിശ ഈടാക്കിയില്ല. പലിശ ഈടാക്കിയില്ല

2012-13 വർഷ ഓഡിറ്റ് റിപ്പോർട്ടിലെ ഖ.3(7) പ്രകാരം തൻ വർഷത്തിലെ ഭവന നിർമ്മാണം (ജനറൽ) എന്ന പ്രൊജക്ടിലെ ഗുണഭോക്താവായിരുന്ന ശ്രീമതി ഷീനമോൾ, W/oസുനിൽകുമാർ, കക്കാട്(H), കുറുമ്പത്തൂർ എന്നവർക്ക് തൻ വർഷത്തിൽ ടി പ്രൊജക്റ്റ് പ്രകാരം 40,000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന വി.ഇ.ഒ. അനുവദിച്ചിരുന്നു(DD No.171169/30-3-13). എന്നാൽ ടിയാരി നിർമ്മിക്കുന്ന വീടിന്റെ

വിസ്തീർണ്ണം അനുവദനീയമായതിലും വളരെ കൂടുതൽ ആയതിനാൽ തുടർന്ന് ധനസഹായം അനുവദിക്കാനാവില്ലെന്ന് വി.ഇ.ഒ. അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കൈപ്പറ്റിയ തുക, 40,000 രൂപ പ്രസ്തുത ഗുണഭോക്താവ് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടച്ചത്, 7-7-15ൽ പിൻവലിച്ച് (Vr.No: 21500190) അന്നേ ദിവസം ട്രഷറിയിൽ അടവാക്കിയിട്ടുണ്ട്(Chalan No.24).

ധനസഹായം കൈപ്പറ്റിയ തീയതിയായ 30-03-13 മുതൽ ആയത് തിരികെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയ തീയതി വരെ നിയമാനുസൃതം നൽകേണ്ട പലിശ 12% കൂടി ടിയാരിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-12 മീഡിയാശ്രീ - തുക മുൻകൂറായി നൽകി എങ്കിലുംഡോക്യുമെന്ററി നാളിതുവരെ പൂർത്തീകരിച്ചില്ല

പ്രൊജക്ട് : "മീഡിയാശ്രീ"

പ്രൊജക്ട്നമ്പർ : SO188/16

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. സെക്രട്ടറി

ഗ്രാമ പഞ്ചായത്തിന്റെ വിശദ വിവരങ്ങൾ അടങ്ങിയ വീഡിയോ ഡോക്യുമെൻററി തയ്യാറാക്കുന്നതിന് മേൽ പ്രൊജക്ട് പ്രകാരം 65,000 രൂപ കുടുംബശ്രീക്ക് നൽകിയിട്ടുണ്ട്.(Try.Bill No. 3/15-16, DD No.54989, തീയതി:24-3-16). ടി പ്രൊജക്ടുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. സെക്രട്ടറി ഒന്നാം കക്ഷിയും കുടുംബശ്രീയുടെ മലപ്പുറം ജില്ലാ മിഷൻ കോ.ഓർഡിനേറ്റർ രണ്ടാം കക്ഷിയുമായി 4-3-16 ന് ഒപ്പു വെച്ച കരാറിലെ രണ്ടാം വ്യവസ്ഥ പ്രകാരംമുൻകൂർ തുക ലഭിച്ചു കഴിഞ്ഞ് 60 ദിവസത്തിനകംസ്ഥാപനത്തെക്കുറിച്ചുള്ള ഡോക്യുമെൻററിയുടെ 10 പകർപ്പുകൾ ഒന്നാം കക്ഷിക്ക് കൈമാറാൻ രണ്ടാം കക്ഷിക്ക് ഉത്തരവാദിത്വം ഉണ്ടെങ്കിലും ആയത് നാളിതുവരെ കൈമാറിയിട്ടില്ല. പ്രസ്തുത കരാറിലെ 5-ാം വ്യവസ്ഥ പ്രകാരം ഡോക്യുമെൻററിയുടെ സമയബന്ധിതമായ പൂർത്തീകരണവും ഗുണമേൻമയും ഉറപ്പ് വരുത്തേണ്ടത് രണ്ടാം കക്ഷിയായ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെചുമതലയാണെന്നിരിക്കെ, ആയത് പാലിക്കപ്പെട്ടിട്ടില്ല.

ആയതിനാൽ മേൽ പരാമർശിച്ച കരാറിലെ വിവിധ വ്യവസ്ഥകൾ പ്രകാരം സമയബന്ധിതമായി നൽകേണ്ടിയിരുന്ന ആതവനാട് ഗ്രാ.പ.നെ സംബന്ധിക്കുന്ന വീഡിയോ ഡോക്യുമെൻററി കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും പൂർത്തീകരിച്ച് ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് തുക, 65,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-13 സാനിറ്ററി യൂണിറ്റ് നിർമ്മാണം - ശുചിത്വ മിഷൻവിഹിതം - ചെലവഴിക്കാത്ത തുക തിരിച്ചടച്ചില്ല.

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി 2013-14,2014-15 വർഷങ്ങളിൽ നടപ്പിലാക്കിയ "സാനിറ്ററി യൂണിറ്റ് നിർമ്മാണം" എന്ന പ്രൊജക്ടുകളിൽ 50 ഗുണഭോക്താക്കൾക്കുള്ള ശുചിത്വ മിഷൻ വിഹിതമായ 2,30,000 രൂപ ലഭിച്ചത് 2014-15 വർഷത്തിൽ വി.ഇ.ഒ.യുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിരുന്നു(A/C No.40202101017380, KGB, പുത്തനത്താണി ശാഖ). 2013-14വർഷത്തിൽ 36ഉം 2014-15 വർഷത്തിൽ 7 ഉം ഉൾപ്പെടെ ആകെ 43ഗുണഭോക്താക്കൾ മാത്രമാണ് കരാർ വെച്ച് പണി പൂർത്തിയാക്കിയിട്ടുള്ളത്. അവർക്ക് അനുവദിച്ച 1,97,800(@ 4,600)രൂപകഴിച്ച് ബാക്കിയുള്ള 32,200 രൂപ മേൽ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്.

2015-16വർഷത്തിൽ 189/16നമ്പറായി "സാനിറ്ററി യൂണിറ്റ് നിർമ്മാണം" എന്ന പ്രൊജക്ടിന് അംഗീകാരം ലഭിച്ചിരുന്നു എങ്കിലും ടി പ്രൊജക്ട് തൻ വർഷത്തിൽ നടപ്പിലാക്കിയിട്ടില്ല.കൂടാതെ, സമ്പൂർണ്ണ ശുചിത്വ പഞ്ചായത്തായി പ്രഖ്യാപനം ചെയ്തിട്ടുള്ളതിനാലും മേൽ തുക ഇനി വിനിയോഗിക്കാൻ സാദ്ധ്യത ഇല്ലാത്തതിനാലും ടി അക്കൗണ്ടിൽ ബാക്കിയുള്ള തുക(പലിശ ഉൾപ്പെടെ 34,811 രൂപ) ശുചിത്വ മിഷനിലേക്ക് തിരികെ അടക്കേണ്ടതാണ്.

## 3-14 മുളക്കതൊടി എസ്.സി കോളനി നടപ്പാത നിർമ്മാണം-അധിക ചെലവ്

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രൊജക്റ്റ് നം - 59/16

കൺവീനർ - ഒ. ഗോപിനാഥൻ

ബിൽ നം - 7/25.6.15

മൂല്യനിർണ്ണയ തുക - 238714

M book - 99/14-15

മേൽ പ്രവൃത്തിയുടെ ഭാഗമായി 140 മീറ്റർ നീളത്തിൽ ഏകദേശം 1.50 മീറ്റർ വീതിയിൽ 1:4:8 സിമെന്റ് കോൺക്രീറ്റിംഗ് 0.10 cm കനത്തിലും 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.075 cmകനത്തിലും നടത്തിയിട്ടുണ്ട്. റോഡ് പ്രതലത്തിൽ കുഴികളുള്ള ഭാഗത്ത് 15 cm കനത്തിൽ ക്വാറി മക്ക് ഇട്ട് സബ് ബേസ് ഉറപ്പാക്കിയിട്ടുണ്ട്.

വീതി 2 മീറ്ററിൽ കുറവായ (വീതി) നടപ്പാതകളിൽ 1:4:8 സിമെന്റ് കോൺക്രീറ്റിംഗ് 10 cm കനത്തിലും 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.050 cm കനത്തിലും നടത്തിയാൽ മതി എന്നിരിക്കെ 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.075 cm കനത്തിൽ നടത്തിയത് വഴി താഴെ പറയും പ്രകാരം അധിക ചെലവുണ്ടായിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ 28.9.15 ലെ DB4/9099/CE/LSGD കത്ത് പ്രകാരം നടപ്പാതകളിൽ 1:4:8 സിമെന്റ് കോൺക്രീറ്റിംഗ് 10 cm കനത്തിലും 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.050 cm കനത്തിലും നടത്തിയാൽ മതി എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

അധിക ചെലവ്.

10*1.50*0.025=0.375

12*1.25*0.025=0.375

6.30*1.22*0.025=0.192

16.50*1.75*0.025=0.721

8.00*2.00*0.025=0.400

4.30*1.80*0.025=0.193

5.40*1.50*0.025=0.202

7.00*1.30*0.025=0.227

20*1.25*0.025=0.625

2.30*1.60*0.025=0.092

19.70*2.00*0.025=0.985

20*1.05*0.025=0.525

8.50*0.90*0.025=0.191

Total-5.103 m3

5.103 m3 * 69.50 / 10dm3 = 35466

പ്രവൃത്തിയിലുണ്ടായ അധിക ചെലവ് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി,എഞ്ചിനീയറിൽ (Dhanya Janardanan) നിന്നും പ്രൊജക്റ്റിന് അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ (TP.Subramanyan)എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-15 റോഡ് കോൺക്രീറ്റ്പ്രവൃത്തി - 1:2:4 സിമെന്റ് കോൺക്രീറ്റിന് അധികം കനം - അനാവശ്യ ചെലവ്

2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെയ്ത താഴെ പറയുന്ന റോഡ് കോൺക്രീറ്റ് പ്രവർത്തികളിൽ സിമന്റ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ അധിക തുക ചെലവഴിച്ചതായി കാണുന്നു. പ്രവൃത്തികൾ CPWD, KPWD ഡാറ്റാ പ്രകാരമാണ് പ്രവർത്തികൾ ചെയ്തിട്ടുള്ളത്.

ടാർ ചെയ്യുന്ന റോഡിൽ IRC സ്പെസിഫിക്കേഷൻ പ്രകാരം GSB ക്കായി ക്വാറി മക്ക് നിരത്തിയതിനു മുകളിൽ സോളിംഗ് (അമർത്തിയത്) 7.5cm ഉം മെറ്റലിംഗ് (അമർത്തിയത്) 7.5cm ഉം അതിനുമുകളിൽ ടാറിംഗ് 2.5cmഉം കനത്തിൽ ആകെ 17.5cm ആണ് റോഡിന്റെ കനം. ഭാരമേറിയ വാഹനങ്ങളൾക്കുപോലും കടന്നുപോകാൻ തക്ക ഉറപ്പുള്ള റോഡ് എന്നിരിക്കെ ഇതിനേക്കാൾ ഉറപ്പേറിയ കോൺക്രീറ്റ് റോഡിന് 20cm കനത്തിൽ ക്വാറി മക്ക് നിരത്തി അതിനുമുകളിൽ 1:4:8 അനുപാതത്തിൽ 40mmമെറ്റൽ ഉപയോഗിച്ചും അതിനുമുകളിൽ 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ചും 10cm കനത്തിൽ കോൺക്രീറ്റ് ചെയ്തിട്ടുള്ളത് അനാവശ്യ അധിക ചെലവിന് കാരണമായിട്ടുണ്ട്. ആയതിനാൽ ടാർ റോഡിന്റെ കനത്തിൽ പരിമിതപ്പെടുത്തി ക്വാറി മക്ക് നിരത്തിയതിനു മുകളിൽ 1:4:8 അനുപാതത്തിൽ 40mmമെറ്റൽ ഉപയോഗിച്ച് 10cm കനത്തിലും അതിനുമുകളിൽ 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് 7.5cmകനത്തിലും പരിമിതപ്പെടുത്തി കോൺക്രീറ്റ് പ്രവർത്തികൾ ചെയ്യാവുന്നതായിരുന്നു. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ കോൺക്രീറ്റിംഗ് പ്രവൃത്തികളും 1:4:8 അനുപാതത്തിൽ 40mmമെറ്റൽ ഉപയോഗിച്ചും അതിനുമുകളിൽ 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ചും 10cm കനത്തിൽ കോൺക്രീറ്റ് ചെയ്തിട്ടുള്ളതാണ്. 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് 0.075cm കനത്തിൽ കോൺക്രീറ്റ് ചെയ്തിരുന്നെങ്കിൽ അനാവശ്യമായ ചെലവുകൾ ഒഴിവാക്കാമായിരുന്നു.

| ക്രമ നം | പ്രവൃത്തി | അളവ് പുസ്തകം | മൂല്യ നിർണ്ണയം | 1:2:4 ചെയ്ത അളവ് | അനുവദിച്ച തുക |
|---|---|---|---|---|---|
| 1 | Proj-237/16<br>തോണിക്കൽ മൊയ്തീൻ ഹാജി പടി റോഡ് കോൺക്രീറ്റിംഗ് | 14/15-16 | 250000 | 19.54 m3 | 135803 |
| 2 | Proj-112/16<br>കിളിയൻ കുന്ന് കൊണ്ടോത്ത് പടി റോഡ് കോൺക്രീറ്റിംഗ് | 62/14-15 | 349325 | 26.985 m3 | 187545 |

| | | | | | |
|---|---|---|---|---|---|
| 3 | Proj-158/16<br>അതിരുമട കർലക്കാട്ടുകുളമ്പ് റോഡ് കോൺക്രീറ്റിംഗ് | 19/14-15 | 331636 | 24.685 m3 | 171560 |
| 4 | Proj-240/16<br>ചോലക്കാട് അംഗനവാടി റോഡ് കോൺക്രീറ്റിംഗ് | 96/15-16 | 200000 | 11400 dm3 | 79230 |
| 5 | Proj-206/15<br>NH സൈതാലിപ്പടി റോഡ് കോൺക്രീറ്റിംഗ് | 67/14-15 | 299512 | 28.466 m3 | 197838 |
| 6 | Proj-39/15<br>മില്ലും പടി മേലെപ്പുറത്ത് റോഡ് കോൺക്രീറ്റിംഗ് | 29/14-15 | 348252 | 16630 dm3 | 115578 |
| 7 | Proj-296/16<br>പാക്കച്ചിറ മജ്മ റോഡ് കോൺക്രീറ്റിംഗ് | 12/15-16 | 300000 | 31.72 m3 | 207272 |
| 8 | Proj-153/16<br>വലിയുന്നരത്ത് ചെറുകോൽപാടം റോഡ് കോൺക്രീറ്റിംഗ് | 27/14-15 | 349985 | 26.01 m3 | 180804 |
| 9 | Proj-235/16<br>പൂളമംഗലം ഇബ്രാഹിംപടി റോഡ് കോൺക്രീറ്റിംഗ് | 7/15-16 | 250000 | 20800 dm3 | 144560 |
| 10 | Proj-238/16<br>ഇബ്രാഹിംപടി കൊണക്കാട്ട് പാടം റോഡ് കോൺക്രീറ്റിംഗ് | 6/15-16 | 200000 | 16620 d m3 | 115509 |
| 11 | Proj- 321/16<br>അതിരുമട കർലക്കാട്ടുകുളമ്പ് റോഡ് കോൺക്രീറ്റിംഗ് | 56/15-16 | 300000 | 24.08 m3 | 157349 |
| 12 | 149/16<br>ചേലപ്പാറ നയൻകോടൻ പടി റോഡ്<br>കോൺക്രീറ്റിംഗ് | 63/15-16 | 250000 | 19570 dm3 | 136011 |

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരത്തിലുണ്ടാകുന്ന അനാവശ്യ ചെലവുകൾ നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി ചുമത്തുന്നതാണ്.

## 3-16 കുടിവെള്ള പദ്ധതികളിൽ **GI pipe** ഉപയോഗിച്ചുള്ള പ്രവൃത്തിക്ക് അധിക നിരക്ക് നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ - Asst Engineer

താഴെ പറയുന്ന കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ ജലവിതരണത്തിനായി ഉറപ്പായ പാറയുള്ള ഭാഗങ്ങളിൽ പ്രതലത്തിന് മുകളിലൂടെ GI pipe ഇടുകയാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ടുതന്നെ പ്രവൃത്തികളിൽ Earth trenching and refilling എന്ന പ്രവൃത്തി നടന്നിട്ടില്ല. ആയതിനാൽ Trenching and back filling എന്ന പ്രവൃത്തിയ്ക്ക് ഡാറ്റയിൽ 1.33 man mazdoor @ 377 /E കൂടി അനുവദിക്കേണ്ടതില്ല. (പ്രതലം കുഴിക്കാൻ കഴിയുന്ന ഭാഗങ്ങളിൽ PVC pipe ഉം പ്രതലം കുഴിക്കാൻ കഴിയാത്ത ഭാഗങ്ങളിൽ (Hard rock)പ്രതലത്തിന് മുകളിലൂടെ GI pipe ഉം ആണ് ഉപയോഗിക്കേണ്ടത് )

32mm, 40mm, 20mm, 50mm, GI Pipe -കൾ ഉപയോഗിച്ച് പ്രതലത്തിന് മുകളിലൂടെ നടത്തിയ പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന നിരക്ക് താഴെ പറയുന്നു.

| | A | B | C |
|---|---|---|---|
| DATA for 32 mm dia<br>Gi pipe/10 mtr<br>32 mm GI pipe @ 140/m -1400<br>add 5% specials (fittings&waistage) - 70<br>LS whitelead,hemp, oil etc - 0.25<br>LS hire for tools – 0.10<br>LS Testing,lighting, watching etc - 4<br>Labour<br>0.32 Fitter @ 456/E - 145.92<br>0.32 Man mazdoor @ 377/E - 120.64<br>1740.91<br>1740.91/10 m | DATA for<br>40 mm dia Gi pipe/10 mtr<br>40 mm GI pipe @170/m -1700<br>add 5% specials (fittings&waistage) - 85<br>LS whitelead,hemp, oil etc - 0.25<br>LS hire for tools - 0.10<br>LS Testing,lighting, watching etc - 4<br>Labour<br>0.40 Fitter @ 456/E - 182.40<br>0.40 Man mazdoor @ 377/E - 150.80<br>2122.55<br>2122.55 /10 m | DATA for 20 mm dia Gi pipe/10 mtr<br>20 mm GI pipe @85/m - 850<br>add 5% specials (fittings&waistage) - 42.5<br>LS whitelead,hemp,oil etc - 0.25<br>LS hire for tools - 0.10<br>LS Testing,lighting, watching etc - 4<br>Labour<br>0.20 Fitter @ 456/E - 91.20<br>0.20 Man mazdoor @ 377/E - 75.40<br>1059.10<br>1059/10 m | DATA for 50 mm dia Gi pipe/10 mtr<br>50 mm GI pipe @241/m - 2410<br>add 5% specials (fittings&waistage) - 120.50<br>LS whitelead,hemp,oil etc - 0.25<br>LS hire for tools - 0.10<br>LS Testing,lighting, watching etc - 4<br>Labour<br>0.50 Fitter @ 456/E - 228<br>0.50 Man mazdoor @ 377/E - 188.5<br>2951.35<br>Add 10 % CP 295.13<br>Add 5 % OHC 147.56<br>3394/10 m |
| അനുവദിക്കാവുന്ന നിരക്ക്- 174/m | 212/m | 106/m | 339/m |

1)പ്രൊജക്റ്റ് - കമ്പിവളപ്പ് കുടിവെള്ള പദ്ധതി

പ്രൊജക്റ്റ് നം - 163/16

കൺവീനർ - K. ഹാരിസ്

ബിൽ നം - 67/29.9.15

മൂല്യനിർണ്ണയ തുക - 296261

M book - 68/14-15

പ്രവൃത്തിയുടെ ഇനം 13 പ്രകാരം 32 mm GI pipe 44.20 മീറ്റർ ഇട്ടതിന് 223/m പ്രകാരം 9856 രൂപ അനുവദിച്ചിട്ടുണ്ട് (MB.page 9). ഇനം 14 പ്രകാരം 40 mm GI pipe 44.20 മീറ്റർ ഇട്ടതിന് 263/m പ്രകാരം 11624 രൂപ അനുവദിച്ചിട്ടുണ്ട്.

2)അനുവദിക്കാവുന്ന തുക (32 mm) ഉപയോഗിച്ച പ്രവൃത്തി

174 * 44.20 / m = 7691

അധികം അനുവദിച്ചത് - 9856 – 7691 = 2165

3)അനുവദിക്കാവുന്ന തുക (40 mm)

212 * 44.20 / m = 9370

അധികം അനുവദിച്ചത് - 11624 – 9370 = 2254

II)പ്രൊജക്റ്റ് - ചങ്ങും തൊടി കടിവെള്ള പദ്ധതി

പ്രൊജക്റ്റ് നം - 143/15

കൺവീനർ - P.മുഹമ്മദ് ബഷീർ

ബിൽ നം - 37/23.7.15

മൂല്യനിർണ്ണയ തുക - 142508

M book - 87/14-15

പ്രവൃത്തിയുടെ ഇനം 5 പ്രകാരം 20 mm GI pipe 20 മീറ്റർ ഇട്ടതിന് 165/m പ്രകാരം 3300 രൂപ അനുവദിച്ചിട്ടുണ്ട് (MB.page 8).

4)അനുവദിക്കാവുന്ന തുക

106 * 20 / m = 2120

അധികം അനുവദിച്ചത് - 3300 – 2120 = 1180

III)പ്രൊജക്റ്റ് - ചുള്ളിച്ചോല കടിവെള്ള പദ്ധതി

പ്രൊജക്റ്റ് നം - 123/16

കരാറുകാരൻ - P.മുഹമ്മദ് ബഷീർ

ബിൽ നം - 121/30.3.16

മൂല്യനിർണ്ണയ തുക - 263593

M book - 79/15-16

പ്രവൃത്തിയുടെ ഇനം 7 പ്രകാരം 50 mm GI pipe 221.90 മീറ്റർ ഇട്ടതിന് 398/m പ്രകാരം 88316.20 രൂപ അനുവദിച്ചിട്ടുണ്ട് (MB.page 20).

5)അനുവദിക്കാവുന്നത് - 339 /m

അനുവദിക്കാവുന്ന തുക

339 * 221.90 / m = 75224

അധികം അനുവദിച്ചത് - 88316 – 75224 = 13092

IV)പ്രൊജക്റ്റ് - കഞ്ഞിപ്പുര ലക്ഷം വീട് കോളനി കടിവെള്ള പദ്ധതി

പ്രൊജക്റ്റ് നം - 166/16

കരാറുകാരൻ - P.Pമുഹമ്മദ് ബഷീർ

ചെക്ക് നം - 4111915/28.3.16

മൂല്യനിർണ്ണയ തുക - 178779

M book - 77/15-16

പ്രവൃത്തിയുടെ ഇനം 9 പ്രകാരം 40 mm GI pipe 17 മീറ്റർ ഇട്ടതിന് 302/m പ്രകാരം 5134 രൂപ അനുവദിച്ചിട്ടുണ്ട് (MB.page 16).

6)അനുവദിക്കാവുന്ന അനുവദിക്കാവുന്ന നിരക്ക് താഴെ പറയുന്നു.

നിരക്ക് – 212/m

7)Add 10 % CP 212.25

Add 5 % OHC 106.12

2440.92 /10 m

അനുവദിക്കാവുന്നത് - 244 /m

അനുവദിക്കാവുന്ന തുക

17 * 244 / m = 4148

അധികം അനുവദിച്ചത് - 5134 – 4148 = 986

ആകെ 19677 രൂപയുടെ നഷ്ടം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും പ്രൊജക്ടിന് അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

(2165+2254+1180+13092+986 = 19677)

( AE- Dhanya (Estimate), A.E.E-TP.Subramanyan(Proj)

## 3-17 പഞ്ചായത്ത് ഓഫീസ് നവീകരണം - ചെയ്യാത്ത പ്രവൃത്തിക്ക് അനുവദിച്ച11162 രൂപ നിരാകരിക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രൊജക്റ്റ് നം - 201/16 (Own fund)

കരാറുകാരൻ - ഹസ്സൻ കോയ

ചെക്ക് നം - 4111916/29.3.16

മൂല്യനിർണ്ണയ തുക - 149016

M book - 80/15-16, 95/15-16

പഞ്ചായത്ത് ഓഫീസ് നവീകരണം പ്രവൃത്തിയുടെ ഭാഗമായി ഇനം 3 പ്രകാരം 2 വാഷ് ബേസിൻ (550*400 mm or nearest size Wash hand basin of white glazed earthen ware (Indian made best quality) സ്ഥാപിച്ചതിന് 7088 രൂപ (3544*2) അനുവദിച്ചിട്ടുണ്ട് MB page 2 of 95) അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 24.10.16 ന് സ്ഥല പരിശോധന നടത്തിയതിൽ പുതിയതായി ഒരു വാഷ് ബേസിൻ മാത്രമാണ് വാങ്ങിയിട്ടുള്ളതെന്നും രണ്ടാമത്തേത് നിലവിൽ ഗ്രാമ പഞ്ചായത്ത് ഓഫീസിനുള്ളിൽ ഉണ്ടായിരുന്ന വാഷ് ബേസിൻ പുറത്തേക്ക് മാറ്റി സ്ഥാപിക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും ബോദ്ധ്യപ്പെട്ടു. ഈയിനത്തിൽ അധികം നൽകിയ തുക 3544 രൂപ അനുവദിക്കുന്നില്ല. കൂടാതെ താഴെ പറയുന്ന അളവു പ്രകാരമുള്ള Door Shutter രണ്ടെണ്ണം സ്ഥാപിച്ചതിന് 15228 രൂപ അനുവദിച്ചു. എന്നാൽ ഒരെണ്ണം മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്.

അനുവദിച്ച തുക

Door Shutter (MB item 7)

2* 0.95 * 1.98 = 3.76 dm2 * 405/10 dm2 = 15228

അനുവദിക്കാവുന്ന തുക

1* 0.95 * 1.98 = 1.881

1.881 dm2 * 405/10 dm2 = 7618

അധികം = 15228 – 7618 = 7610

11162 രൂപ (3544+7618) തെറ്റായി അളവെടുത്ത അസി. എഞ്ചിനീയർ ശ്രീമതി.സ്മിത.വി.യിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-18 ആശ്രയ പദ്ധതി - ലക്ഷ്യങ്ങൾ നിറവേറ്റപ്പെടുന്നില്ല

ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ട പ്രൊജക്ടിന്(2012-15) 95,75,000രൂപയുടെയും( 73ഗുണഭോക്താക്കൾ) രണ്ടാം ഘട്ട പ്രൊജക്ടിന് (2015-18) ( 88 ഗുണഭോക്താക്കൾ) 99,25,300 രൂപയുടെയും അടങ്കൽ നിശ്ചയിച്ച് അംഗീകാരം ലഭ്യമായിട്ടുണ്ട്. 2012-13 വർഷത്തിൽ ചലഞ്ച് ഫണ്ട് വിഹിതമായി ലഭിച്ച 15,00,000രൂപയിൽ 8,86,074രൂപ ചലവഴിച്ചിട്ടുണ്ട്.രണ്ടാം ഘട്ടത്തിൽ 3,33,333 രൂപ ചലഞ്ച് ഫണ്ടായി ലഭിച്ചിട്ടുണ്ട്. ടി തുകയിൽ നാളിതു വരെ ചെലവ് വന്നിട്ടില്ല.

മേൽ പ്രൊജക്ടുകൾക്ക് പുറമെ ആദ്യ പ്രൊജക്ടിലെ 73 കുടുബങ്ങളിൽ ഒന്നാം ഘട്ടത്തിന് ശേഷവും സഹായംആവശ്യമായ 52 കുടുംബങ്ങൾക്കായി 25,85,126 രൂപ അടങ്കൽ നിശ്ചയിച്ചിട്ടുള്ള തുടർ സേവന പദ്ധതിക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഒന്നും രണ്ടും ഘട്ട പ്രൊജക്ടുകളിൽവിവിധ സേവനങ്ങൾ ആവശ്യമായിരുന്ന ഗുണഭോക്താക്കളുടെ എണ്ണവും അവ ലഭ്യമായവരുടെ എണ്ണവും സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ഒന്നാം ഘട്ടം | രണ്ടാംഘട്ടം |
|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | ആവശ്യം ഉള്ളവർ | ലഭിച്ചവർ | ബാക്കി | ആവശ്യം ഉള്ളവർ | ലഭിച്ചവർ | ബാക്കി |
| വീടിന് സ്ഥലം | 12 | 3 | 9 | 6 | - | 6 |
| വീട് | 44 | 14 | 30 | 25 | - | 25 |
| വീട് റിപ്പയർ | 23 | 17 | 6 | 34 | - | 34 |
| കക്കൂസ് | 49 | - | 49 | - | | |
| കുടിവെള്ളം | 51 | - | 51 | - | | |

ഒന്നാം ഘട്ടപ്രൊജക്റ്റിലെ ഭൂരിഭാഗം ഗുണഭാക്താക്കൾക്കും ആവശ്യമായ സേവനങ്ങൾ ലഭ്യമായിട്ടില്ല എന്നുംരണ്ടാം ഘട്ട പ്രൊജക്റ്റിലെ ഗുണഭോക്താക്കൾക്ക് യാതൊരു വിധ സേവനങ്ങളും ലഭ്യമായിട്ടില്ല എന്നും മേൽ വിവരങ്ങളിൽ നിന്നും വ്യക്തമാണ്.

സമൂഹത്തിൽ ഏറ്റവും താഴെ നിൽക്കുന്നതും ഏറ്റവും പിന്നോക്ക ആവശ്യമായതുമായ ഗുണഭോക്താക്കളുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് ആശ്രയ പദ്ധതി.ഭക്ഷണം, മരുന്ന്, വസ്ത്രം തുടങ്ങിയവക്ക് ചലഞ്ച് ഫണ്ടും വീടിന് സ്ഥലം, വീട്, വീട് റിപ്പയർ, കുടിവെള്ളം, വൈദ്യുതി തുടങ്ങിയവക്ക് പഞ്ചായത്ത് ഫണ്ടുമാണ് ഉപയോഗിക്കേണ്ടത്. ജനറൽ, പട്ടികജാതി/പട്ടിക വർഗ വിഭാഗങ്ങൾക്കായി മേൽ ആവശ്യങ്ങൾക്കായി വിഭാവനം ചെയ്യുന്ന വിവിധ പ്രൊജക്റ്റുകളിലെ ആദ്യ ഗുണഭോക്താക്കളായിആശ്രയ പദ്ധതിയിൽ പെട്ട ഗുണഭോക്താക്കളെ ആയിരുന്നു ആദ്യം പരിഗണിക്കേണ്ടിയിരുന്നത്. എന്നാൽ വിവിധ ജനറൽ, പട്ടികജാതി/പട്ടിക വർഗ വിഭാഗങ്ങൾക്കുള്ള പ്രൊജക്റ്റുകളിൽ ആശ്രയ ഗുണഭോക്താക്കളെ ഉൾപ്പെടുത്താതെ, അവർക്കായി പ്രത്യേക പ്രൊജക്റ്റ് ഉണ്ടാക്കി, (പ്രത്യേകിച്ച് ഭവന നിർമ്മാണം) പരിമിതമായ ഫണ്ട് വകയിരുത്തി അവ നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളതെന്ന് കാണുന്നു. അതുകൊണ്ട് തന്നെ ഏറ്റവും താഴെ തട്ടിലുള്ള ആശ്രയ ഗുണഭോക്താക്കളുടെവിവിധ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നതിന് മുമ്പ് തന്നെ അവരേക്കാൾ താരതമ്യേന ഉയർന്ന ശേഷിയുള്ള മറ്റു വിഭാഗങ്ങളിലുള്ളവർക്ക് വിവിധ ആനുകൂല്യങ്ങൾ ലഭിക്കാനും ഇതിന്റെ ഫലമായിആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ വർഷങ്ങൾ കഴിഞ്ഞിട്ടും നിറവേറ്റപ്പെടാതെ വരാൻ ഇടയായിട്ടുണ്ട്.

ആയതിനാൽ അർഹമായ എല്ലാ പ്രൊജക്റ്റുകളിലും ആശ്രയ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കത്തക്ക വിധത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 1,00,000 രൂപ | പരിരക്ഷ ഹോംകെയർ, S0017/16 | 75,000 രൂപ | 25,000 രൂപ(28-03-16ന് 29-ം നമ്പർ ചെലാൻ പ്രകാരം ട്രഷറിയിൽ തിരിച്ചടച്ചു) |

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽതിയത്

| |
|---|
| മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് : ഇല്ല |

### 4-4 .i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം: വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ

വിവരം:**(ii)** വായ്പ തിരിച്ചടവിന്റെ വിവരം **(ii)** വായ്പ തിരിച്ചടവിന്റെ വിവരം:

(i): തൻ വർഷം വായ്പ ലഭിച്ചിട്ടില്ല

(ii): ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 15,00,891 |
| തൻവർഷം നിക്ഷേപിച്ച തുക | 4,933 |
| ആകെ | 15,05,824 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15,05,824 |

(2015-16)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| സ്ഥിര നിക്ഷേപം - കുറുമ്പത്തൂർ സർവ്വീസ് സഹകരണ ബാങ്ക്,FD നമ്പർ: 3066 | 9,95,850 | |
| സ്ഥിര നിക്ഷേപം - ആതവനാട് സർവ്വീസ് സഹകരണ ബാങ്ക് | 5,09,,974 | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവ് ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| | 2012-13, 2(4) | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് | പരാമർശം നില നിൽക്കുന്നു. |

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

ലഭ്യമായിട്ടില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,69,03,944 രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,92,35,504രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 8,775 രൂപ |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 66,305 രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,69,946 രൂപ |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക | നഷ്ടമായ | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | തുക | ഉദ്യോഗപ്പേരും |
|---|---|---|
| 3(14) | 17,733 രൂപ | ശ്രീമതി ധന്യ ജനാർദ്ദനൻ , അസി.എൻജിനീയർ |
| | 17,733 രൂപ | ശ്രീ ടി.പി.സുബ്രഹ്മണ്യൻ, അസി.എക്സി.എൻജിനീയർ |
| 3(16) | 9,838.5രൂപ | ശ്രീമതി ധന്യ ജനാർദ്ദനൻ , അസി.എൻജിനീയർ |
| | 9,838.5രൂപ | ശ്രീ ടി.പി.സുബ്രഹ്മണ്യൻ, അസി.എക്സി.എൻജിനീയർ |
| 3(17) | 11,162 രൂപ | ശ്രീമതി സ്മിത.വി.അസി.എൻജിനീയർ |
| ആകെ = 66,305 രൂപ | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3(4) | 10,64,921 രൂപ | സെക്രട്ടറി |
| | 2,20,000 രൂപ | ശ്രീമതി അമ്പിളി, അസി.സെക്രട്ടറി |
| 3(5) | 38,525 രൂപ | അസി.എൻജിനീയർ |
| 3(10) | 77,000 രൂപ | ശ്രീമതി ശ്രീകല.ടി, ഹെഡ്മിസ്ട്രസ്സ് |
| 3(12) | 65,000 രൂപ | ശ്രീമതി അമ്പിളി, അസി.സെക്രട്ടറി |
| ആകെ= 14,69,946 രൂപ | | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ധന്യ ജനാർദ്ദനൻ , അസി.എൻജിനീയർ | അസി.എൻജിനീയർ,തലയോലപ്പറമ്പ് ഗ്രാ.പ. | വൃന്ദാവൻ, PJRA 84,പാലശ്ശേരി ലൈൻ, പാലാരിവട്ടം, എറണാകുളം |
| ശ്രീ ടി.പി.സുബ്രഹ്മണ്യൻ, അസി.എക്സി.എൻജിനീയർ | ലഭ്യമല്ല | ലഭ്യമല്ല |

| | | |
|---|---|---|
| ശ്രീമതി സ്മിത.വി.അസി.എൻജിനീയർ | അസി.എൻജിനീയർ, എടയൂർ ഗ്രാ.പ. | സുർജിത് വിഹാർ, വലിയകുന്ന്(PO), വളാഞ്ചേരി, മലപ്പുറം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93,93-94 | എൽ.എഫ്.എം.11/563/02, തീ:19-10-10 | 5 |
| 1994-95,95-96 | “ “ 13/736/99, “ | 10 |
| 1996-97 | “ “ “/371/02, “ | 8 |
| 1-4-97 to 30-6-98 | എൽ.എഫ്.എം.13/339/04, “ | 9 |
| 1998-99 | എൽ.എഫ്.എം.12/875/04, “ | 8 |
| 1999-00 | എൽ.എഫ്.എം.12/1473/04, “ | 3 |
| 2000-01 | എൽ.എഫ്.എം.12/1474/04, “ | 1 |
| 2001-02 | എൽ.എഫ്.എം.12/1475/04, “ | 3 |
| 2002-03 | എൽ.എഫ്.എം.10/279/08, “ | 4 |
| 2003-04 | എൽ.എഫ്.എം. “ 280/08, “ | 3 |
| 2004-05 | എൽ.എഫ്.എം..19/2022/08, “ | 22 |
| 2005-06 | എൽ.എഫ്.എം. 19/913/10, തീ:21-8-10 | 10 |
| 2006-07 | എൽ.എഫ്.എം. “ 914/10, “ | 17 |
| 2007-08 | എൽ.എഫ്.എം.13/537/12, തീ:24-4-12 | 24 |
| 2008-09 | എൽ.എഫ്.എം. “538/12, “ | 18 |
| 2009-10,10-11 | എൽ.എഫ്.എം. “ 1623/13, തീ:25-9-13 | 25 |

| | | |
|---|---|---|
| 2011-12,12-13 | കെ.എസ്.എ/എം.പി.എം.13 /1562/15 | 25 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം.13/1874/16, തീ:27-07-16 | 26 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ എം പി എം.13/3019/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951
ഇ-മെയിൽ: dompm.ksad@kerala.gov.in
തീയ്യതി 18.11.2016

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആതവനാട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം

## അനുബന്ധം-2

## AUDIT CERTIFICATE

No.KSA/MPM13/3019/2016

Kerala State Audit Department

District office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 18.11.2016

Certified that I have audited the Annual Financial Statement of **Athavanad** Grama panchayath in Malappuram District of the year ended on **31.3.2016** in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of **Athavanad** Grama panchayath for the year **2015-16** except the observations in My audit report properly presents the picture of income and expenditure.

Deputy Director

State Audit Department

Malappuram